No.LBRD-R1/162/2018-LBRD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ്- ഐ.റ്റി. , ഐ.റ്റി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മാത്രമായി രൂപീകരിച്ച പദ്ധതിയുടെ നടത്തിപ്പ് കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

സ.ഉ.(കൈ) നം.26/2021/തൊഴിൽ തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 1 28/07/2018-ലെ ലേബർകമ്മീഷണറുടെ ഡബ്ല്യൂ(3)6363/2018 നമ്പർ കത്ത്.

2 സ.ഉ.(കൈ)നം.24/2021/തൊഴിൽ തീയതി 25/02/2021

<u>ഉത്തരവ്</u>

കേരള സംസ്ഥാനത്തെ ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിൽ ജോലി നോക്കുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനുവേണ്ടി ഒരു നിധി രൂപീകരിക്കുന്നതിന് വിശദമായ പദ്ധതിയുടെ കരട് പരാമർശം ( 1 ) പ്രകാരം ലേബർകമ്മീഷണർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. ടി പദ്ധതി പ്രകാരം ഐ.റ്റി. , ഐ.റ്റി. അനുബന്ധ മേഖലയിൽ ജോലി നോക്കുന്ന ജീവനക്കാരുടെയും സംരംഭകരുടെയും പെൻഷൻ, കുടുംബ പെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, മരണാനന്തര ചെലവ്, മരണാനന്തര സഹായം എന്നിവയാണ് പ്രധാനമായും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മാത്രമായി ഒരു പദ്ധതി രൂപീകരിക്കുകയുണ്ടായി. ആയതിന്റെ നടത്തിപ്പ് കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജിത് രാജൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2021 ഫെബ്രുവരി 26<br>26th February 2021<br>1196 കുംഭം 14<br>14th Kumbham 1196<br>1942 ഫാൽഗുനം 7<br>7th Phalguna 1942 | നമ്പർ<br>No. | 981 |


### കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (കൈ) നമ്പർ 24/2021/തൊഴിൽ — 2021 ഫെബ്രുവരി 25

തിരുവനന്തപുരം

**പീഠിക**: കേരള സംസ്ഥാനത്തെ ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതി കേരള സർക്കാർ ഇതിനാൽ രൂപീകരിക്കുന്നു അതായത്: -

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ കേരളത്തിലെ ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതി

### അദ്ധ്യായം - 1

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.- (1) ഈ പദ്ധതിയ്ക്ക് "2021-ലെ കേരളത്തിലെ ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിലെ ക്ഷേമപദ്ധതി" എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ പദ്ധതി ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.- ഈ പദ്ധതിയിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) "ബോർഡ്" എന്നാൽ 2006-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ വകുപ്പ് 6 പ്രകാരം രൂപീകൃതമായ ('കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്') എന്നർത്ഥമാകുന്നു.

(ബി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 2006-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ വകുപ്പ് 9 ഉപവകുപ്പ് (1) പ്രകാരം നിയമിക്കപ്പെടുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു.

(സി) "ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 2006-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ ഖണ്ഡിക 16(1) അനുസരിച്ച് നിയമിക്കപ്പെട്ടിട്ടുള്ള ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു.

(ഡി) "അംശദായം" എന്നാൽ നിധിയിലേയ്ക്ക് ജീവനക്കാരും സംരംഭകരും അടയ്ക്കേണ്ട തുക എന്നർത്ഥമാകുന്നു.

(ഇ) "ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിലെ ജീവനക്കാർ" എന്നാൽ കേരളത്തിലെ ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാരും സംരംഭകരും എന്നർത്ഥമാകുന്നു.

(എഫ്) "നിധി" എന്നാൽ ഈ പദ്ധതി പ്രകാരം രൂപീകരിക്കപ്പെട്ട കേരളത്തിലെ ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമനിധി എന്നർത്ഥമാകുന്നു.

(ജി) "അംഗം" എന്നാൽ ഈ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നു.

(എച്ച്) "കുടുംബം" എന്നാൽ ഒരംഗത്തെ സംബന്ധിച്ചിടത്തോളം അയാളുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരും അംഗത്തെയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംരംഭകരെയും ആശ്രയിച്ച കഴിയുന്ന മാതാപിതാക്കൾ എന്നർത്ഥമാകുന്നു

(ഐ) "പദ്ധതി" എന്നാൽ കേരളത്തിലെ ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമനിധി എന്നർത്ഥമാകുന്നു.

(ജെ) "വർഷം" എന്നാൽ സാമ്പത്തിക കാര്യങ്ങൾക്ക് സാമ്പത്തിക വർഷവും അംഗത്വ കാലാവധിയ്ക്ക് കലണ്ടർ വർഷവും എന്നർത്ഥമാകുന്നു.

(കെ) "സംരംഭകൻ" എന്നാൽ ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങൾ നടത്തുന്നവർ എന്നർത്ഥമാകുന്നു.

(എൽ) പത്തു ജീവനക്കാരിൽ താഴെ ജോലി ചെയ്യുന്ന ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങളിലെ സംരംഭകനും തൊഴിലാളികൾക്ക് ലഭിക്കുന്ന അതേ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

3. ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവചിച്ചിട്ടില്ലാത്തതുമായ ഏതെങ്കിലും വാക്കുകളുടേയോ പ്രയോഗങ്ങളുടേയോ അർത്ഥത്തേയോ വ്യാഖ്യാനത്തേയോ സംബന്ധിച്ച് എന്തെങ്കിലും തർക്കമോ സംശയമോ ഉണ്ടാകുന്നപക്ഷം ആയത് സർക്കാരിന്റെയോ, സർക്കാർ അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥന്റെയോ തീർപ്പിന് വിടേണ്ടതും അതിലുണ്ടാകുന്ന തീരുമാനം അന്തിമമായിരിക്കുന്നതു മാണ്.

## അദ്ധ്യായം 2

4. ഫണ്ടിന്റെ ഭരണ നിർവഹണം.- 'കേരളത്തിലെ ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി'യുടെ നിധി വിനിയോഗ ഭരണ ചുമതല 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി നിയമം വകുപ്പ് 6 പ്രകാരം രൂപീകൃതമായ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിക്ഷിപ്തമായിരിക്കും.

5. ഭരണ സമിതി.- പദ്ധതിയുടെ ഭരണ സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കും,-

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഐ.റ്റി., ഐ.റ്റി. മേഖലയിലെ തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന അംഗീകൃത തൊഴിലാളി സംഘടനകളിൽ നിന്നുള്ള മൂന്ന് പേർ.

(ബി) കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ ചെയർമാനും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും.

(സി) കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ കേരള സർക്കാരിന്റെ തൊഴിൽ വകുപ്പിനെയും ധനവകുപ്പിനെയും നിയമവകുപ്പിനെയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രതിനിധീകരിക്കുന്ന അംഗങ്ങൾ.

(ഡി) കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാനും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും കേരളത്തിലെ ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതിയുടെ ഭരണസമിതിയുടെ ചെയർമാനും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കും.

(ഇ) സമിതിയുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

6. <u>ഓഫീസർമാരുടേയും സ്റ്റാഫിന്റെയും നിയമനം</u>.-

(എ) 2006-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 9 പ്രകാരം നിയമിതരാകുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സ്റ്റാഫും കേരളത്തിലെ 'ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമനിധി പദ്ധതി'യുടെയും ചുമതലക്കാരായിരിക്കുന്നതാണ്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കൂടുതൽ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെങ്കിൽ അതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

7. <u>ഫണ്ടിലേയ്ക്കുള്ള അംശദായം</u>.-

(എ) പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്ന ജീവനക്കാരുടെ/സംരംഭകരുടെ ഫണ്ടിലേയ്ക്കുള്ള അംശദായം പ്രതിമാസം 100 രൂപ ആയിരിക്കും.

(ബി) പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്ന ഓരോ സംരംഭകനും, സംരംഭകന്റെയും ജീവനക്കാരന്റെയും അംശദായമായി പ്രതിമാസം 200 രൂപ അടയ്ക്കേണ്ടതാണ്.

(സി) സർക്കാർ ഗ്രാന്റ് ധനകാര്യവകുപ്പ് തീരുമാനിക്കുന്നതാണ്.

(ഡി) ജീവനക്കാരന്റെ വിഹിതവും, സംരംഭകന്റെ വിഹിതവും ചേർത്തുള്ള ഒരു മാസത്തെ അംശദായം അടുത്ത മാസം 5-ാം തീയതിയ്ക്ക് മുമ്പായി ഭരണ സമിതി നിർദ്ദേശിക്കുന്ന വിധം നിധിയിൽ ഒടുക്കേണ്ടതാണ്. മൂന്ന് മാസത്തേയോ ആറ് മാസത്തേയോ ഒരു വർഷത്തേയോ അംശദായം ഒന്നിച്ച് മുൻകൂറായി നിധിയിൽ അടയ്ക്കാവുന്നതാണ്.

(ഇ) സംരംഭകനോ, അംഗമോ നിധിയിലേയ്ക്ക് തുടർച്ചയായി 12 മാസത്തെ അംശദായം അടയ്ക്കുന്നത് വീഴ്ച വരുത്തിയാൽ അംഗത്വം സ്വമേധയാ നഷ്ടപ്പെടുന്നതാണ്. ഇപ്രകാരം അംഗത്വം നഷ്ടപ്പെടുന്ന അംഗത്തിന് അയാളുടെ അപേക്ഷ പ്രകാരം, ഭരണ സമിതി നിശ്ചയിക്കുന്ന പിഴ പലിശ ഈടാക്കിക്കൊണ്ട് അംഗത്വം പുന:സ്ഥാപിച്ച് നൽകുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അദ്ധ്യായം 3

## അംഗങ്ങൾക്കുള്ള ധനസഹായവും പെൻഷനും

8. പെൻഷൻ.- കുറഞ്ഞത് പത്ത് വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന്, അറുപത് വയസ്സ് തികയുന്ന മുറയ്ക്കോ സ്ഥിരമായ ശാരീരിക അവശതമൂലം രണ്ട് വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ ചെയ്യുന്ന അവസ്ഥ വന്നാലോ, പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. പെൻഷൻ തുകയായി 3000 രൂപയും തുടർന്നുള്ള ഓരോ വർഷത്തെ സേവനകാലയളവിനും 50 രൂപ നിരക്കിൽ വർദ്ധനവ് പ്രാബല്യത്തിൽ വരത്തക്കവിധം പെൻഷൻ തുക അനുവദിക്കേണ്ടതാണ്. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവശതമൂലം പെൻഷൻ നൽകുന്നതിന് വേണ്ട മറ്റ് മാനദണ്ഡങ്ങളും ഭരണസമിതി നിശ്ചയിക്കേണ്ടതാണ്.

9. കുടുംബ പെൻഷൻ.- കുറഞ്ഞത് പത്ത് വർഷം അംശദായം അടച്ച ഒരംഗമോ, ഈ പദ്ധതി പ്രകാരം പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. മിനിമം പെൻഷന്റെ പകുതിയോ വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷന്റെ പകുതിയോ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

10. പ്രസവാനുകൂല്യം.- ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള ഇ.എസ്.ഐ. പദ്ധതിയിൽ വരാത്ത അംഗത്തിന് പ്രസവ ധനസഹായമായി 15,000 രൂപ നിധിയിൽ നിന്നും ലഭിക്കുന്നതാണ്. ഇതിൽ 10,000 രൂപ സർക്കാർ വിഹിതവും 5,000 രൂപ ക്ഷേമനിധിയിൽ നിന്നുള്ള വിഹിതവുമാണ്. ഗർഭമലസൽ സംഭവിച്ച അംഗത്തിന്, അംഗം അവധിയിൽ പ്രവേശിച്ച തീയതി മുതൽ ജോലിയിൽ പുന:പ്രവേശിക്കുന്നതുവരെയുള്ള ആറാഴ്ചത്തെ വേതനം ധനസഹായമായി നൽകേണ്ടതാണ്. (പരമാവധി 2500 രൂപ) .

11. വിവാഹാനുകൂല്യം.- കുറഞ്ഞത് മൂന്ന് വർഷമെങ്കിലും നിധിയിലേയ്ക്ക് അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും, സ്ത്രീ അംഗങ്ങളുടെയും വിവാഹചെലവിനായി 10,000 രൂപ നിധിയിൽ നിന്നും ലഭിക്കുന്നതാണ്. ഈ ആനുകൂല്യം പരമാവധി രണ്ടു തവണ മാത്രമേ ഒരംഗത്തിന് ലഭിക്കുകയുള്ളൂ.

12 ചികിത്സാ സഹായം.- മൂന്നു വർഷമെങ്കിലും നിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങൾക്കും, കുടുംബാഗങ്ങൾക്കും സർക്കാർ/സർക്കാർ അംഗീകൃത ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക്, ചികിത്സാസഹായമായി അംഗത്വ കാലാവധിയിൽ പരമാവധി 15,000 രൂപ ലഭിക്കുന്നതാണ്. മൂന്ന് വർഷമെങ്കിലും നിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങൾക്ക് ഹൃദയം, വൃക്ക

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നിവ സംബന്ധമായ രോഗങ്ങൾ, ക്യാൻസർ, ബ്രെയിൻ ട്യൂമർ, തളർവാതം എന്നിവയെ തുടർന്നുള്ള ചികിത്സ/ശസ്ത്രക്രിയ, അംഗത്തിന് അപകടംമൂലമോ, അസുഖംമൂലമോ 40 ശതമാനത്തിൽ കൂടുതൽ അംഗവൈകല്യം സംഭവിച്ചാൽ അംഗത്വ കാലാവധിയിൽ ഒരു പ്രാവശ്യം പരമാവധി നൽകുന്ന തുക സംബന്ധിച്ച മാനദണ്ഡം സർക്കാരിന് നിശ്ചയിക്കാവുന്നതാണ്.

13. <u>വിദ്യാഭ്യാസാനുകൂല്യം</u>.- ഒരു വർഷമെങ്കിലും നിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെയും സംരംഭകരുടെയും സമർത്ഥരായ മക്കൾക്ക് പഠന കാലയളവിൽ തന്നെ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതാണ്. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിന് പ്രകാരം നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളും, കാലാകാലങ്ങളിൽ സർക്കാരിന്റെ അംഗീകാരത്തോടെ ലഭിക്കുന്ന ആനുകൂല്യങ്ങളും ഈ ക്ഷേമനിധിയിലെ ജീവനക്കാർക്കും സംരംഭകർക്കും ലഭിക്കുന്നതാണ്.

14. <u>അംഗത്തിന്റെ കുടുംബാംഗങ്ങളുടെ മരണാനന്തരചെലവ്</u>.- ഒരു വർഷമെങ്കിലും നിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച അംഗമോ, കുടുംബാംഗമോ മരണപ്പെട്ടാൽ മരണാനന്തര ചെലവുകൾക്കായി 5,000 രൂപ നിധിയിൽ നിന്നും ആശ്രിതന് ലഭിക്കുന്നതാണ്.

15. <u>മരണാനന്തര സഹായം</u>.- നിധിയിലെ ഒരംഗം അസുഖം മൂലമോ അപകടം മൂലമോ മരണപ്പെട്ടാൽ, അത് ആദ്യ മൂന്നു വർഷത്തെ അംഗത്വ കാലയളവിനുള്ളിലായാൽ 5,000 രൂപയും ശേഷമുള്ള ഓരോ വർഷത്തെ അംഗത്വ കാലയളവിന് 1000 രൂപ വീതവും, രണ്ടും കൂടി പരമാവധി 20,000 രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായം നൽകേണ്ടതാണ്.

## അദ്ധ്യായം 4

16. <u>പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള യോഗ്യതകൾ</u>.- 18 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള പദ്ധതിയിലെ ഖണ്ഡിക 2(ഇ) യിൽ നിർവ്വചിച്ചിട്ടുള്ള "ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാർക്കും സംരംഭകർക്കും" പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുണ്ടായിരിക്കും.

17. <u>അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>.-

(എ) ഈ പദ്ധതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്നതും അർഹതയുള്ളതുമായ ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിലെ ജീവനക്കാരും സംരംഭകരും അവർ ജോലി ചെയ്യുന്ന ജില്ലയിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അല്ലെങ്കിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത ട്രേഡ് യൂണിയന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഹാജരാക്കേണ്ടതാണ്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഭരണസമിതി തയ്യാറാക്കി നൽകേണ്ടതാണ്.

(ബി) അപേക്ഷയോടൊപ്പം വയസ്സ് തെളിയിക്കുന്നതിനുള്ള അടിസ്ഥാന രേഖയായി സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പും ജനന മരണ രജിസ്ട്രാറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്/ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ ആധാർ കാർഡ് എന്നിവയുടെ ശരിപ്പകർപ്പോ ഹാജരാക്കേണ്ടതാണ്.

18. തിരിച്ചറിയൽ കാർഡ്.- അംഗത്വം ലഭിച്ച ജീവനക്കാരന്/സംരംഭകന് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ നൽകേണ്ടതാണ്. ഇപ്രകാരം നൽകേണ്ടതായ തിരിച്ചറിയൽ കാർഡ് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഭരണസമിതി തയ്യാറാക്കേണ്ടതാണ്.

19. അംഗത്വം റദ്ദാക്കൽ.-

(എ) തെറ്റായ വിവരങ്ങൾ നൽകി ആരെങ്കിലും അംഗത്വം നേടിയിട്ടുള്ളതായി മനസ്സിലാക്കിയാൽ ഏത് സമയത്തും അപ്രകാരമുള്ള അംഗത്വം റദ്ദാക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ അധികാരം ഉണ്ടായിരിക്കും. എന്നാൽ ബന്ധപ്പെട്ട വ്യക്തിക്ക് തന്റെ ഭാഗം വിശദീകരിക്കുവാൻ ന്യായമായ അവസരം നൽകിയ ശേഷം മാത്രമായിരിക്കണം അംഗത്വം റദ്ദ് ചെയ്യൽ.

(ബി) ഇപ്രകാരം അംഗത്വം റദ്ദ് ചെയ്യുമ്പോൾ തൊഴിലാളി വിഹിതമായി അടയ്ക്കുന്ന തുക മടക്കി നൽകുമ്പോൾ ടി തുകയുടെ ഒരു നിശ്ചിത ശതമാനം സർവീസ് ചാർജ്ജായി ഭരണസമിതിക്ക് ഈടാക്കാവുന്നതാണ്.

20. അംശദായം മുടക്കം വരുത്തുന്നത് സംബന്ധിച്ച്.- നിധിയിലേയ്ക്ക് അടയ്ക്കേണ്ട അംശദായം മുടക്കം വരുത്തിയാൽ ഭരണ സമിതി നിശ്ചയിക്കുന്ന പിഴ പലിശ കൂടി അടയ്ക്കുവാൻ അംഗം ബാദ്ധ്യസ്ഥനാണ്.

## അദ്ധ്യായം 5

21. നിധിയുടെ ഭരണവും കണക്കും ആഡിറ്റും.-

(എ) നിധിയിലേയ്ക്ക് അംശദായമായി ലഭിക്കുന്ന തുകയും സർക്കാർ വിഹിതമായി ലഭിക്കുന്ന തുകയും 'ഫണ്ട് അക്കൗണ്ട് ' എന്ന പേരിൽ നിക്ഷേപിക്കേണ്ടതാണ്.

(ബി) ഒരു വർഷത്തെ മൊത്തം പിരിഞ്ഞ അംശദായത്തിന്റെയോ പിരിയുമെന്ന് പ്രതീക്ഷിക്കുന്ന അംശദായത്തിന്റെയോ 10 ശതമാനത്തിൽ കവിയാത്ത തുക ഭരണ ചെലവിനത്തിൽ മാറ്റി വയ്ക്കുകയും, ഐ.റ്റി, ഐ.റ്റി. അനുബന്ധ ജീവനക്കാരുടെയും സംരംഭകരുടെയും ഭരണ ചെലവിനത്തിൽ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന് യഥാർത്ഥത്തിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെലവ് വന്നിട്ടുള്ള തുകയെ അടിസ്ഥാനപ്പെടുത്തി നൽകേണ്ടതുമാണ്.

(സി) നിധിയുടെ ഭരണത്തിനാവശ്യമായ ചെലവുകൾ, ബോർഡ് ഡയറക്ടർമാരുടെ യാത്രപ്പടി ഉദ്യോഗസ്ഥൻമാരുടെ യാത്രപ്പടി, മറ്റ് അലവൻസുകളും, ആനുകൂല്യങ്ങളും ബോർഡിന് വേണ്ടിയുള്ള നിയമപരമായ ആവശ്യത്തിന് വേണ്ടിയുള്ള ചെലവുകൾ, കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള ചെലവുകൾ എന്നിവ നിധിയുടെ ഭരണ ചെലവിനത്തിൽ നിന്ന് വഹിക്കേണ്ടതാണ്. ഭരണ ചെലവ് നേരിടുന്നതിനായി ഒരു പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

(ഡി) പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ലാത്ത യാതൊരു പ്രവർത്തനങ്ങൾക്കും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ നിധിയിൽ നിന്നും തുക ചെലവാക്കുവാൻ പാടില്ലാത്തതാണ്.

(ഇ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഓഫീസറോ നിധിയുടെ നടത്തിപ്പുകാരനായിരിക്കേണ്ടതും ഭരണസമിതിയുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതുമാണ്.

(എഫ്) ഓരോ സാമ്പത്തിക വർഷവും അവസാനിക്കുമ്പോൾ ബോർഡിന്റെ വരവ് ചെലവ് കണക്കുകൾ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് നടത്തേണ്ടതും ടി ആഡിറ്റ് റിപ്പോർട്ട് ഭരണ സമിതി അംഗീകരിച്ച് സർക്കാരിന് ജൂലൈ 31-ന് മുമ്പ് സമർപ്പിക്കേണ്ടതുമാണ്.

22.<u>നിധിയുടെ നിക്ഷേപം</u>.- നിധിയുടെ എല്ലാ നിക്ഷേപവും ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ ഷെഡ്യൂൾഡ് ബാങ്കിലോ, സർക്കാർ സെക്യൂരിറ്റിയിലോ, സർക്കാർ ട്രഷറിയിലോ സഹകരണബാങ്കിലോ നിക്ഷേപിക്കേണ്ടതാണ്.

23.<u>ഭരണ റിപ്പോർട്ട്</u>.- ഓരോ സാമ്പത്തിക വർഷത്തെയും നിധിയുടെ പ്രവർത്തനം സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് ഭരണ സമിതി അംഗീകരിച്ച് സർക്കാരിലേയ്ക്ക് സെപ്റ്റംബർ 30 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

24. <u>ബഡ്ജറ്റ്</u>.- എല്ലാ വർഷവും ഫെബ്രുവരി 1-ാം തീയതിയ്ക്ക് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തിലെ ഒരു ബഡ്ജറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കി ഭരണ സമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ഭരണ സമിതി അംഗീകരിച്ച ബഡ്ജറ്റ് സർക്കാരിലേയ്ക്ക് അനുമതിയ്ക്കായി സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സത്യജിത് രാജൻ**
അഡീഷണൽ ചീഫ് സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണ കുറിപ്പ്

( ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സംസ്ഥാനത്തെ ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി ഒരു പദ്ധതി രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. പദ്ധതി നടത്തിപ്പിനായി പ്രത്യേക ഭരണസമിതി ഉണ്ടായിരിക്കേണ്ടതാണെന്നും ആയതിന്റെ ചുമതല കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിക്ഷിപ്തമായിരിക്കുമെന്നും സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim
Date:2021.02.26 02:41:5